**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Smt. J. Mercykutty Amma**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി)** | |
| (എ) | മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ, വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാൻറ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാൻറിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ മൂല്യവർദ്ധിത ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നു. പ്രസ്തുത പ്ലാൻറിൽ സോളാർ ഡ്രയർ ഉപയോഗിച്ചാണ് മത്സ്യം ഉണക്കിയെടുക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്ത് വിഴിഞ്ഞത്ത് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തിനും വിപണനം ചെയ്യുന്നതിനുമായി ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റിന്റെയും നിർമ്മാണം പുരോഗമിച്ചു വരുന്നു. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നു. പ്ലാന്റിലെ വനിതാ ജീവനക്കാർ നിർമ്മിക്കുന്ന വിവിധ തരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ പുറമേ നിന്നുള്ള വനിതകൾ ഉൾപ്പെടുന്ന സ്വയം സഹായ ഗ്രൂപ്പ് നിർമ്മിക്കുന്ന ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ, മസാല എന്നിവയും ഫിഷ്മാർട്ട് വഴി വിപണനം ചെയ്തു വരുന്നു. മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി സാഫ് ഡ്രൈ |

| | | | |
|---|---|---|---|
| | | | ഫിഷ് യൂണിറ്റുകൾ രൂപീകരിച്ചു. മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT മായി ചേർന്ന് 20 Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതിയും ആരംഭിക്കുന്നു. 9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 46 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകളാണ് രൂപീകരിക്കുന്നത്. തീരമൈത്രി ബ്രാന്റിൽ ഒരു സീഫുഡ് റസ്റ്റോറന്റ് ശൃംഖല തന്നെ സൃഷ്ടിക്കുന്നതിനും ഇതുവഴി മൂല്യവർദ്ധിതോൽ പ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നു |
| (ബി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലത്ത് പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് പ്ലാന്റിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് മത്സ്യത്തൊഴിലാളി വനിതകളാണ്. ഇതിനുപുറമെ മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണത്തിനും വിപണനത്തിനും സഹായകമാകുന്ന വിധത്തിലുള്ള വിവിധ ട്രെയിനിംഗുകളും കോർപ്പറേഷൻ നൽകി വരുന്നു. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ആരംഭിക്കുന്ന ഫിഷ് പ്രോസസ്സിംഗ് സെന്റർ പൂർണ്ണമായും മത്സ്യത്തൊഴിലാളി വനിതകളെ ക്കൊണ്ട് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ മത്സ്യഫെഡ് മുഖാന്തിരം ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ 25 വനിതകളും പുറമേ നിന്നുളള സ്വയം സഹായ ഗ്രൂപ്പിലെ വനിതകളും മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. മത്സ്യത്തൊഴി ലാളികളായ വനിതകൾക്ക് സാഫ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയാണ് 3-R Package for Ensuring Sustainable Livelihoods of Fisherwomen In Kerala (Rebuilding, Revival, Reforms). 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 Joint Liability Group (JLG) കൾ രൂപീകരിച്ചു. ടി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി പലിശ രഹിത വായ്പയായി Working Capital Revolving Fund അനുവദിക്കുന്നു. 2020-21 JLG പദ്ധതി പ്രകാരം 1750 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ക്കൊണ്ട് 5 പേരടങ്ങുന്ന 350 JLG കൾക്ക് കൂടി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടി യൂണിറ്റുകൾക്ക് കേരള ബാങ്ക് |

| | | | |
|---|---|---|---|
| | | | മുഖേന KCC ലോൺ ലഭ്യമാക്കുന്നു. ഇതുവഴി മത്സ്യമേഖലയിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ ചെയ്യുന്നതിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നു. |
| (സി) | അന്തി പച്ച എന്ന പേരിൽ മായം ചേർക്കാത്ത മത്സ്യം വിതരണം ചെയ്യുന്നതിന് നിലവിൽ എവിടെയൊക്കെയാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്? | (സി) | മത്സ്യഫെഡ് മുഖാന്തിരം ഫിഷറ്റേറിയൻ മൊബൈൽ യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ - 2 (എ) സെക്രട്ടറിയേറ്റ് , ശാസ്തമംഗലം (ബി) പബ്ലിക് ഓഫീസ്, കവടിയാർ, പട്ടം, വൈദ്യുതി ഭവൻ, പി.എസ്.സി ഓഫീസ് പരിസരത്തും കൊല്ലം ജില്ലയിൽ - 3 (എ) കുണ്ടറ, പള്ളിമുക്ക് (ബി) കണ്ണനല്ലൂർ, (സി) കൊട്ടാരക്കര എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു |

സെക്ഷൻ ഓഫീസർ